# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6426 — 11.07.2012 -ൽ മറുപടിയ്ക്ക്

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ തസ്തികയുടെ യോഗ്യതകൾ, പ്രായ പരിധി, മറ്റു മാനദണ്ഡങ്ങൾ എന്നിവ വ്യക്തമാക്കുമോ ; | (എ) സ്ഥാപനത്തിന്റെ നിയമാവലിയുടെ ചട്ടം 6(ii) പ്രകാരം പബ്ലിക് ഫിനാൻസ് ആന്റ് പോളിസി, മാനേജ്മെന്റ്, ഡെവലപ്മെന്റ് ഇക്കണോമിക്സ്, ടാക്സേഷൻ നിയമങ്ങൾ എന്നീ വിഷയങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തിയായിരിക്കണം പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടർ. പ്രായപരിധിയും മറ്റ് മാനദണ്ഡങ്ങളും സംബന്ധിച്ച് നിയമാവലിയിൽ ഒന്നും തന്നെ പ്രതിപാദിച്ചിട്ടില്ല. എന്നാൽ ഡയറക്ടർ പദവിയിലേക്ക് നിയമിക്കാൻ യോഗ്യതയുള്ള ആളെ തിരഞ്ഞെടുക്കാൻവേണ്ടി രൂപീകരിച്ച സെർച്ച് കമ്മിറ്റിക്കുവേണ്ടി പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ഡയറക്ടർ തസ്തികയിലേയ്ക്ക് പരിഗണിക്കുവാൻ 55 വയസ്സ് എന്ന പ്രായപരിധി നിശ്ചയിച്ചിരുന്നു. |
| (ബി) പ്രസ്തുത തസ്തികയുടെ നിയമനം സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (1-3) ആയി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് എത്ര അപേക്ഷകൾ ഉണ്ടായിരുന്നുവെന്നും അവരുടെ പേരുവിവരം, യോഗ്യതകൾ, പ്രായം എന്നിവ വ്യക്തമാക്കുമോ ; | (സി) 5 അപേക്ഷകൾ ഉണ്ടായിരുന്നു. |

| പേര് | വയസ്സ് | യോഗ്യത |
|---|---|---|
| 1. ഡോ.ജോസ് സെബാസ്റ്റ്യൻ | 52 | PHD in Economics |
| 2. ഡോ.എൻ.രാമലിംഗം | 48 | PHD (Commerce with LLB |

| | | |
|---|---|---|
| 3. ഡോ.മറിയാമ്മ എ.കെ. | 45 | PHD in Taxation Law, LLM |
| 4. ഡോ.ജോസ് ജേക്കബ് | 52 | PHD(Public Finance & Economics), LLB |
| 5. ഡോ.ഡി.നാരായണ | 59 | PHD |

(ഡി) പ്രസ്തുത തസ്തികയിലെ നിയമനകാര്യത്തിൽ ആർക്കെങ്കിലും പ്രായ പരിധിയിൽ ഇളവു നൽകിയിട്ടുണ്ടോ എന്നും ശമ്പളസ്കെയിലിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഇ) ഉണ്ടെങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) & (ഇ) അക്കാദമിക തലത്തിലും ഗവേഷണ തലത്തിലുമുള്ള പ്രാവീണ്യവും അന്താരാഷ്ട്ര തലത്തിലുള്ള പരിചയവും കണക്കിലെടുത്തുകൊണ്ടും, ഈ സ്ഥാപനത്തിന്റെ നിയമാവലിയിൽ ഡയറക്ടറുടെ പ്രായ പരിധിയിൽ നിബന്ധനകളൊന്നും ഇല്ലാത്തത് കൊണ്ടും, വിജ്ഞാപനത്തിൽ പരാമർശിച്ച 55 വയസ്സ് എന്ന പ്രായപരിധിയിൽ ഇളവ് നൽകിക്കൊണ്ട് ഡോ.ഡി.നാരായണയ്ക്ക് നിയമനം നൽകുന്നതിന് സെർച്ച് കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. അതിൻ പ്രകാരമാണ് ഡോ.ഡി.നാരായണയ്ക്ക് ഫുൾടൈം ഡയറക്ടറായി നിയമനം നൽകിയത്.

നിലവിൽ ശമ്പളസ്കെയിലിൽ വർദ്ധനവ് അനുവദിച്ചിട്ടില്ല.

(എഫ്) നിയമനകാര്യത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ നിയമനം പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ ?

(എഫ്) നിലവിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**